ചരിത്രം കുറിച്ച് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാ

മൂന്ന് കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ

കൊച്ചി: എറണാകുളത്ത് കഴിഞ്ഞ ദിവസം നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ചരിത്രം കുറിക്കുകയാണ്. 19ന് രാവിലെ 9.40ന് ആരംഭിച്ച 20ന് ചുവർച്ചെ 3.45നാണ് പരിപാടി അവസാനിച്ചത്. ഒരു ഭരണാധികാരി ഒരു നിമിഷം പോലും വിശ്രമമില്ലാതെ 18 മണിക്കൂർ തുടർച്ചയായി പൊതുജനങ്ങളുടെ പരാതി കേൾക്കാനും അവയ്ക്ക് പരിഹാരം കാണാനും നിൽക്കുന്നത് ഒരുപക്ഷെ ലോകത്ത് ആദ്യമായിരിക്കും. കഴിഞ്ഞ ആഴ്ചകളിൽ തിരുവനന്തപുരത്തും കോഴിക്കോടും ജനസമ്പർക്ക പരിപാടി നടന്നപ്പോൾ സമാനമായ ജനബാഹുല്യം ഉണ്ടായിരുന്നെങ്കിലും രാത്രി ഒരു മണിയോടെ പരിപാടി അവസാനിച്ചിരുന്നു.

ജനങ്ങളോടൊപ്പം മണിക്കൂറുകളോളം നിന്ന് പരാതി കേൾക്കുമ്പോൾ ഒരിക്കലും ക്ഷീണമല്ല ആവേശം മാത്രമാണ് തോന്നാറുള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനസമ്പർക്ക പരിപാടിയിലെ അവസാനത്തെ പരാതിക്കാരനെയും കണ്ട് പരിഹാര നിർദ്ദേശം നൽകിയ ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് മുമ്പങ്ങളും പ്രയാസങ്ങളും പറയാൻ ഒരു വേദിയും അവ കേൾക്കുന്നതിനുള്ള ഒരു സംവിധാനവുമാണ് ജനസമ്പർക്ക പരിപാടി. ജില്ലാ ഭരണകൂടം ഉണർന്ന് പ്രവർത്തിച്ചുകൊണ്ടും എല്ലാവരുടെയും പങ്കാളിത്തം കൊണ്ടും പരിപാടി ശ്രദ്ധേയമായി. എല്ലാവരുടെയും ജാഗത്തു നിന്നു പ്രശ്ന പരിഹാരത്തിന് പോസിറ്റീവായ സമീപനം ഉണ്ടായതാണ് പരിപാടിയുടെ വിജയമെന്നും അദ്ദേഹം പറഞ്ഞു

12500ലധികം പരാതി മുഖ്യമന്ത്രിയെ നേരിൽ കണ്ട് പരാതി സമർപ്പിക്കാൻ സിവിൽ സ്റ്റേഷൻ മൈതാനത്ത് എത്തിയത്. ഇതിൽ 1000 ത്തിലധികം പേർ വികലാംഗരായിരുന്നു.

മൊത്തം പരാതികൾക്കും നിർദ്ദേശം കൽപിച്ച ശേഷമാണ് മുഖ്യമന്ത്രി വേദി വിട്ടത്. മുഖ്യമന്ത്രിയുടെ മുതിർന്നപൗരന്മാരുടെ ധനസഹായമായി ഒരു കോടി 10 ലക്ഷം രൂപ ജനസമ്പർക്ക വേദിയിൽ അനുവദിച്ചു. 2400 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 50 ലക്ഷം രൂപയാണ് കുടുംബ സഹായ നിധിയിൽ നിന്നും വിതരണം ചെയ്തത്. മൊത്തം 500 പേർക്ക് 10,000 രൂപ വീതം ഇയിനത്തിൽ ലഭിച്ചു. പ്രകൃതിക്ഷാമ ദുരിതാശ്വാസമായി 27 പേർക്ക് 35 ലക്ഷം രൂപ ധനസഹായവും നൽകി. എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡാക്കാൻ ആയിരത്തിലധികം അപേക്ഷകളാണ് മുഖ്യമന്ത്രിക്ക് ലഭിച്ചത്. ഇതിൽ 700 പേർക്ക് ബി.പി.എൽ കാർഡ് അനുവദിച്ചു. ജില്ലയിലെ ഏഴ് താലൂക്കുകളിൽ നിന്നുള്ള 250 പേർക്ക് പട്ടയം വിതരണം ചെയ്തു. വികലാംഗരെയും ചികിത്സാ ധനസഹായം തേടിയെത്തിയവരെയും കണ്ട ശേഷമാണ് മുഖ്യമന്ത്രി മറ്റു പരാതിക്കാരെ കണ്ടുതുടങ്ങിയത്.

സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി പരിഹാരം കാണേണ്ടുന്ന കേസുകൾ ഒരുക്കാനും ചെയ്യാൻ ജസ്റ്റിസ് കെ.പി. ജയചന്ദ്രൻ ഇപ്രകാരം ഒരുക്കിയിരുന്നു. വിദ്യാർത്ഥി വായ്പക്കും പഠിക്കാൻ ഇളവുകൾക്കുമായി 250 അപേക്ഷകൾ ലഭിച്ചു. ഇതിൽ നൂറോളം അപേക്ഷകളിലായി 1.50 കോടി രൂപയുടെ വായ്പയും പലിശയിളവും അനുവദിച്ചു.

ഇന്നലെ മുഖ്യമന്ത്രിയെ കാണാൻ എത്തിയവരിൽ 7500 പേർ നേരത്തേ രജിസ്റ്റർ ചെയ്തവരാണ്. 4500 പേരാണ് പരാതിയുമായി ഇന്നലെ നേരിട്ട് വേദിയിലെത്തിയത്. വീൽചെയറിലും മറ്റുമെത്തിയ വികലാംഗരുടെ പരാതികൾ സമയം കൂടി മുഖ്യമന്ത്രി ഒരോ പരാതിയിലും തീർപ്പ് കൽപിച്ചു. തീക്കവർക്കും മുഖ്യമന്ത്രി അടിയന്തര ദുരിതാശ്വാസ സഹായം അനുവദിച്ചു.

ജനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് അങ്കമാലിയിലും കൊച്ചിയിലും അര മണിക്കൂർ വീതം നിശ്ചയിച്ചിരുന്ന മറ്റു രണ്ടു പരിപാടികൾ ഒഴിവാക്കിയാണ് മുഖ്യമന്ത്രി വേദിയിൽ തന്നെ തങ്ങിയത്.

32 കൗണ്ടറാണ് വിവിധ വകുപ്പുകൾക്കായി പ്രവർത്തിച്ചത്. ആരോഗ്യ വകുപ്പിന്റെ [illegible] കിത്സാ യൂണിറ്റും [illegible] പം ഒരുക്കിയിരുന്നു [illegible] നങ്ങൾക്കും ഭക്ഷണ[illegible] ളുവും നൽകിയത് [illegible] സ്യായവിലക്ക് ഭൂചി[illegible] ണവുമായി ഡി.റ്റി.പി [illegible] വർക്കും പ്രവർ[illegible] വുവർത്തച്ച് വരെ [illegible] യ ഭാഗങ്ങളിലേക്ക് [illegible] സ് എർപ്പെടുത്തിയി[illegible] ക്കാരെ അതത് സ്ഥ[illegible] ത്തിക്കുന്നതിന് പ്ര[illegible] രണം സജ്ജമാക്കി[illegible] ക്കടറേറ്റ് ചൈതന്യം [illegible] ഇത്രയധികം ജനങ്ങ[illegible] ക്കുന്ന ഒരു പൊതു[illegible] ക്ക് വേദിയാകുന്നതി[illegible]